ചുമട്ടുതൊഴിലാളികൾക്ക് പെൻഷൻ

48 [2240] ശ്രീ. ജെ. ചിത്തരഞ്ജൻ:
,, എ. എം. പരമൻ:
ഡോക്ടർ എ. വി. ഐസക്ക്:
ശ്രീ. പി. രവീന്ദ്രൻ:
,, സത്യൻ മൊകേരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമടു-നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ ഏകീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) എല്ലാ ചുമട്ടു തൊഴിലാളികൾക്കും ആയുഷ്ക്കാല പെൻഷൻ ലഭിക്കുന്നതിന് വേണ്ടി നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) 1983-ലെ കേരള ചുമട്ടു തൊഴിലാളി പദ്ധതിയുടെ കീഴിൽ വരുന്ന ചുമട്ടു തൊഴിലാളികളുടെ തൊഴിൽ ക്രമീകരണം, ജോലിക്ക് നിയോഗിക്കൽ, അവരുടെ മാസാന്ത്യവേതനം നല്കൽ, ബോണസ് നല്കൽ മുതലായ എല്ലാ ജോലികളും ചുമട്ടു തൊഴിലാളി നിയമം 18-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന കമ്മിറ്റിയാണ് നിർവഹിക്കുന്നത്. മറ്റ് യാതൊരു ക്ഷേമപദ്ധതികളനുസരിച്ചും ഇപ്രകാരം ക്ഷേമനിധി ബോർഡുകൾ തന്നെ തൊഴിലുടമയായി വർത്തിക്കുന്നില്ല. ഒരു കോൺട്രാക്ടറുമായോ തൊഴിലുടമയുമായോ വ്യക്തമായ തൊഴിലാളി തൊഴിലുടമ ബന്ധമില്ലാത്ത ചുമട്ടു തൊഴിലാളികളാണ് നിലവിലുള്ള 1983-ലെ ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതിയിൽ വരുന്നത്. ടി കാരണങ്ങൾകൊണ്ട് ചുമട്ടു-നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ ഏകീകരിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുകളുണ്ട്.

(സി) 1978-ലെ ചുമട്ടു തൊഴിലാളി നിയമമനുസരിച്ച് സർക്കാരിനോ അതിലധികമോ പദ്ധതിയോ പദ്ധതികളോ ഉണ്ടാക്കുവാൻ അധികാരങ്ങളുണ്ട്.

കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ

49 [2241] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ ഈ ഗവൺമെന്റ് ഇതുവരെ എന്തു തുക വിതരണം ചെയ്തു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ചെലവഴിച്ച തുക പ്രതിവർഷം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) 1991 ഫെബ്രുവരി വരെ ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly